No. CEE/1600/PGN-2020/TA1

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്)/ എൽ.എൽ.എം 2020 കോഴ്സുകളിലേയ്ക്കുള്ള പ്രവേശനപരീക്ഷ തീയതികൾ പ്രഖ്യാപിച്ചു.

**2020–21** അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്) കോഴ്സിന്റെ പ്രവേശന പരീക്ഷ 2020 ഒക്ടോബർ 18 (ഞായറാഴ്ച) രാവിലെ 10.00 മണി മുതൽ 12.00 മണി വരെ (2 മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള ഓൺലൈൻ പ്രവേശന പരീക്ഷ) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ വച്ച് നടത്തുന്നതായിരിക്കും. എൽ.എൽ.എം പ്രവേശന പരീക്ഷ ഒക്ടോബർ 18 ഉച്ചയക്ക് 2.00 മണി മുതൽ 4.00 മണി വരെ (2 മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള ഓൺലൈൻ പ്രവേശന പരീക്ഷ) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ വച്ചും നടത്തുന്നതായിരിക്കും.

എം.എസ്.സി നഴ്സിംഗ് പ്രവേശനം ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾ സെപ്തംബർ 25 വൈകുന്നേരം 4.00 മണിയ്ക്കകം പ്രവേശന പരീക്ഷ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദമായ വിജ്ഞാപനം പ്രോസ്പെക്ടസ് എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300 (10 am- 5pm)**

തിരുവനന്തപുരം
23.09.2020

പ്രവേശന പരീക്ഷാ കമ്മീഷണർ